# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 183 07.02.2019 -ൽ മറുപടിക്ക്

## വ്യവസായ രംഗത്തെ അടിസ്ഥാന സൗകര്യ വികസനം

**ചോദ്യം**

**ശ്രീ. എൻ. വിജയൻ പിള്ള**
**'' ടി.വി.രാജേഷ്**
**'' ആന്റണി ജോൺ**
**'' കെ.ഡി. പ്രസേനൻ**

**ഉത്തരം**

**ശ്രീ. ഇ.പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി )**

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എത്ര സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിച്ചുവെന്നതിന്റെയും അവയിലെല്ലാം കൂടി എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നതിന്റെയും കണക്ക് ലഭ്യമാണോ; | എ) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം 31.12.2018 വരെ 36000 സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചതിലൂടെ ഏകദേശം 127000-ത്തിൽ പരം തൊഴിൽ അവസരങ്ങൾ വ്യവസായ വകുപ്പ് വഴി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കെ.എസ്.ഐ.ഡി.സിയുടെ സാമ്പത്തിക സഹായത്തോടെ 17 ഇടത്തരം സ്ഥാപനങ്ങളിലൂടെ 1,395 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. വ്യവസായ പാർക്കുകളിൽ സ്ഥാപിതമായ വ്യവസായശാലകൾ വഴി 421 പേർക്ക് തൊഴിലും ലഭിച്ചിട്ടുണ്ട്. കൂടാതെ കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 174 സൂക്ഷ്മ,ചെറുകിട,ഇടത്തരം വ്യവസായ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്യുകയും അതുവഴി ഏകദേശം 2700 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാൻ സാധ്യതയുമുണ്ട്. |
| ബി) | ബൃഹത് വിവിധോദ്ദേശ്യ വ്യവസായ സോണുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ;<br>എങ്കിൽ അതിന്റെ ലക്ഷ്യവും പുരോഗതിയും അറിയിക്കുമോ; | ബി) | കിൻഫ്രയുടെ നേതൃത്വത്തിൽ കണ്ണൂർ, തൊടുപുഴ,വിഴിഞ്ഞം, കാസർഗോഡ് എന്നിവിടങ്ങളിൽ ബൃഹത് വിവിധോദ്ദേശ സോണുകൾ ആരംഭിക്കാൻ പദ്ധതിയുണ്ട്. സംസ്ഥാനത്ത് വിവിധ മേഖലയിലുള്ള വ്യവസായ സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കി കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനും അതുവഴി സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങളും നിക്ഷേപങ്ങളും സൃഷ്ടിക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| സി) | നിലവിലുള്ള വ്യവസായ വികസന പ്രദേശം, വ്യവസായ എസ്റ്റേറ്റ്, വ്യവസായ വികസന പ്ലോട്ട് എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | സി) | പശ്ചാത്തല വികസന പദ്ധതികളിലൂന്നി നിലവിലുളള വ്യവസായ വികസന ഏരിയ, വ്യവസായ വികസന പ്ലോട്ടുകൾ, വ്യവസായ എസ്റ്റേറ്റ് എന്നിവയുടെ നവീകരണം ലക്ഷ്യമിട്ട് 28 കോടി രൂപ തനത് വർഷം വകയിരുത്തിയതിൽ 23.91 കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയിരുന്നു. ഇതിൽ 13.98 കോടി ചിലവഴിച്ച് വിവിധ വ്യവസായ ഏരിയ/പ്ലോട്ടുകളിൽ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. MSE-CDP മുഖേന വികസന ഏരിയകളായ പൂവൻതുരുത്ത്, എടയാർ എന്നിവിടങ്ങളിൽ യഥാക്രമം 1000 ലക്ഷം, 967.69 ലക്ഷം രൂപയുടെ പദ്ധതിയനുമതി ലഭ്യമായി. വ്യവസായ ഭൂമിയുടെ ദൗർലഭ്യം പരിഗണിച്ച് കൂടുതൽ വ്യവസായ യൂണിറ്റുകളെ ഉൾപ്പെടുത്തി വ്യവസായ വികസനം സാധ്യമാക്കുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങളും/ബഹുനില ഫാക്ടറി കെട്ടിട സമുച്ചയങ്ങളും നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുളള പ്ലോട്ടുകളിൽ അവയുടെ സഹകരണത്തോടെ പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസായ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൻപ്രകാരം വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ അധീനതയിലുള്ള ഭൂമിയിൽ വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനായി ഈ വർഷം 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ